കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി. / 2033/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 8.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ് :</u>

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്,
4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി./2033 /2017 തീയതി: 8.11.2017

## തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 16.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.എം. മോഹനൻ പിള്ള,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2017 മുതൽ 13.10.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മുഹമ്മദ് സലീം. എം., ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. കോസല രാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിൻറ് | പി.സുജാത കുമാരി. | 01/04/2016 മുതൽ 31/03/2017 വരെ |
| സെക്രട്ടറി | സൗമ്യ ഗോപാലകൃഷ്ണൻ | 01/04/2016 മുതൽ 22/06/2016 വരെ |

| | | |
|---|---|---|
| | അനീഷ്. ബി. | 23/06/2016 മുതൽ 27/08/2016 വരെ |
| | രാജേന്ദ്രൻ.കെ | 28/08/2016 മുതൽ 31/10/2016 വരെ |
| | ഷഹാബ് ദീൻ | 01/11/2016 മുതൽ 18/12/2016 വരെ |
| | കെ.സുരേഷ് കുമാർ | 19/12/2016 മുതൽ 11/01/2017 വരെ |
| | എസ്.എൽ.പത്മ കുമാർ | 12/01/2017 മുതൽ 31/03/2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ. (അഡീഷണൽ) | കുമാരി ശാന്തി. | 01/04/2016 മുതൽ 31/03/2017 വരെ |
| സി.ഡി.പി.ഒ (മെയിൻ) | ജസ്സി മാനറ്റ് | 01/04/2016 മുതൽ 31/03/2017 വരെ |
| എസ്.സി.ഡി.ഒ | ജയകുമാരി.ഡി. | 01/04/2016 മുതൽ 31/03/2017 വരെ |
| ഡി.ഇ.ഒ | സുരേന്ദ്രൻനായർ.ബി. | 01/04/2016 മുതൽ 31/03/2017 വരെ |
| അസി.എക്സ്. എഞ്ചിനീയർ | ഉണ്ണി.കെ | 01/04/2016 മുതൽ 31/03/2017 വരെ |
| എ.ഡി.എ | പത്മം.എസ് | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. പെരുങ്കടവിള | ശിവകുമാർ | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. വെള്ളറട. | സുജ | 01/04/2016 മുതൽ 31/03/2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ | 1-6 | |
| 7 | പദ്ധതി അവലോകനം. | 1-7 | |
| 8 | തനത് വരുമാനം. | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 | | |
| | ഇല്ല. | | |
| | ഭാഗം 3 | | |
| 11 | പൊതു മരാമത്ത് പ്രവൃത്തി-കരാർ ചമയ്ക്കാൻ കാലതാമസം. നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം 7500/- രൂപ | 3-1 | |
| 12 | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ - രേഖകൾ ഹാജരാക്കിയിട്ടില്ല – 298800/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 13 | ബഡ്സ് സ്കൂളുകൾക്ക് പഠന സഹായി ഉപകരണങ്ങളുടെ വിതരണം | 3-3 | |
| 14 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി. | 3-4 | |

| | | | |
|---|---|---|---|
| 15 | ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. | 3-5 | |
| 16 | വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച അപാകതകൾ | 3-6 | |
| 17 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. - വെള്ളറട) നിർവഹണം - നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-7 | |
| 18 | മെഡിക്കൽ ഓഫീസർ (CHC പെരുങ്കടവിള) നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ - വൈദ്യുതി ചാർജ്ജ്/ പിഴ /സർചാർജ്ജ് ഇനത്തിൽ അധിക തുക | 3-8 | |
| 19 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ | 3-9 | |
| 20 | പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല. - തുക തടസ്സപ്പെടുത്തുന്നു. | 3-10 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 30 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 27.02.2016തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 72,04,74,000/-രൂപയും പ്രതീക്ഷിത ചെലവ് 71,52,39,750/-രൂപയും നീക്കിയിരിപ്പ് 52,34,250/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 1.7.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 9.10.2017 | അനുബന്ധമായി ചേർത്തിരിക്കുന്നു. |

## 1- 4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 122739866 |
| വരവ് | : | 83545912 |
| ആകെ | : | 206285778 |
| ചെലവ് | : | 127146802 |
| നീക്കിയിരിപ്പ് | : | 79138976 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 26419390 | 26419390 | 26419390 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7726375 | 7726375 | 7726375 | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1360000 | 1360000 | 1360000 | |
| എസ്.ജി.എസ്.വൈ | 142650 | 5825 | 148425 | - | 148425 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 6458954 | 6458954 | 6458954 | |
| ഐ.എ.വൈ. പ്ലാൻ | 68946377 | 35197696 | 104144073 | 32497636 | 71646437 |
| ഐ.എ.വൈ. അഡ്മിൻ | 62376 | 420 | 62796 | 62276 | 520 |
| തനത് ഫണ്ട് | 1718988 | 94950 | 1813938 | 72373 | 1741565 |
| ജനറൽ പർപ്പസ് ഫണ്ട് | 4562114 | 3303996 | 7866110 | 2617021 | 5249089 |
| ഐ.എ.വൈ.സെൻട്രൽ | 47104402 | 1858365 | 48962767 | 48824341 | 138426 |
| മറ്റുവരവുകൾ | 202959 | 1119941 | 1322900 | 1108436 | 214464 |
| ആകെ | 122739866 | 83545912 | 206285778 | 127146802 | 79138976 |

## 1-6 വാർഷിക ധനകാര്യ പത്രിക – അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ബി3 ഷെഡ്യൂളിലെ Capital Contributionതുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ലോൺ രജിസ്ററർ ഹാജരാക്കാത്തതിനാൽ B-5 ലെ തുകയുടെ ആധികാരിക പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 101 | 71641229 | 67 | 42581400 | -- | 34 | 66.34 |

## 1- 8 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | -- | -- |
| നികുതിയേതര വരവുകൾ | 148000 | 94950 |
| മറ്റുവരവുകൾ | 5000 | - |
| ആകെ | 153000 | 94950 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2017ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/11/2016 | 2015-16 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2015 | 01.12.12-31.12.12 | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- 
- 

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു മരാമത്ത് പ്രവൃത്തി-കരാർ ചമയ്ക്കാൻ കാലതാമസം. നിയമാനുസൃത പിഴ ഈടാക്കിയില്ല. നഷ്ടം 7500/- രൂപ

| | |
|---|---|
| പദ്ധതിയുടെ പേര്. | വെള്ളറട സി.എച്ച്.സി. അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ |
| പദ്ധതി നം | 24/2017 |
| അടങ്കൽ തുക | 1000000/- |

| | |
|---|---|
| ചെലവ് തുക | 747299/- |
| പി.എ.സി. | 750000 |
| കരാറുകാരന്റെ പേര്: | കോമളൻ |

കേരളാ പൊതു മരാമത്ത് വകുപ്പ് മാന്വൽ 2012 (GO(p)13/2012/PWD/01/02/2012) സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വയ്ക്കില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കാം. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് 20.07.2016ൽ സെലക്ഷൻ നോട്ടീസ് അയച്ചിരുന്നെങ്കിലും 29.08.2016 ൽ മാത്രമാണ് കരാർ വയ്ക്കിരിക്കുന്നത്. നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. ആയതു സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം 5 തീയതി 12.10.17 പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ PAC യുടെ 1% തുകയായ 7500/-രൂപാ പിഴയായി ഈടാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3- 2 ഭിന്നശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ - രേഖകൾ ഹാജരാക്കിയിട്ടില്ല – 298800/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്. | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ -എസ്.സി.പി. |
| പദ്ധതി നം | എസ്. ഓ. 033/2017 |
| അടങ്കൽ തുക | 20,05,000/- |
| ചെലവ് തുക | 2,98,800/- |
| നിർവഹണം | പട്ടികജാതി വികസന ഓഫീസർ (എസ്.സി.ഡി.ഓ) |
| ബിൽ നം. & തീയതി | സി.ബി./01/ട്രൈ സ്കൂട്ടർ/16-17 തീയതി 31.3.2017 |

മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 04 ഗുണഭോക്താക്കൾക്ക് (54880 x 4 + 79280 (Insurance, Reg., transportation = 29880) ചെലവ് ചെയ്ത് 2016-17 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ട്രൈസ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത

ഗുണഭോക്താക്കൾക്ക് ലേണേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ യഥാർത്ഥ ലൈസൻസ് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ട്രൈസ്കൂട്ടറിന്റെ ആർ.സി. ബുക്കിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ ലഭ്യമല്ല. ടി വിഷയവുമായി ബന്ധപ്പെട്ട് 12.10.2017ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4/2017 ന് ആനുകൂല്യം ലഭിച്ച 04 ഗുണഭോക്താക്കളുടെ ഒറിജിനൽ ലൈസൻസിന്റെയും ആർ.സി. ബുക്കിന്റെയും പകർപ്പുകൾ പലതവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ലായെന്നും ആയത് ഉടൻ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I മറുപടി നൽകിയിട്ടുള്ളത്. ജി.ഓ. (ആർ. ടി. )475/2015 ത.സ്വ.ഭ.വ. തീയതി 4.3.2015 പ്രകാരം ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾ ഒറിജിനൽ ലൈസൻസ് നേടേണ്ടതാണ്. ലൈസൻസിന്റേയും ആർ.സി. ബുക്കിന്റെയും പകർപ്പ് ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3- 3 ബഡ്സ് സ്കൂളുകൾക്ക് പഠന സഹായി ഉപകരണങ്ങളുടെ വിതരണം

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അമ്പൂരി, കുന്നത്തുകാൽ കൊല്ലയിൽ ബഡ്സ് സ്കൂളുകൾക്ക് പഠന സഹായികളും പഠന ഉപകരണങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം 425000/- രൂപ വികസന ഫണ്ട് വകയിരുത്തുകയും മുഴുവൻ തുകയ്ക്കും ഉപകരണങ്ങൾ വാങ്ങിക്കുകയും വിതരണം ചെയ്യുകയുമുണ്ടായി. ബിൽ നം.01/ ഐ.സി.ഡി.എസ്.- പി.എം.കെ. എൽ.എ.16/17 തീയതി 29.3.2017 സി.ഡി.പി.ഒ. പെരുങ്കടവിള (അഡീഷണൽ) നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ടി പ്രോജക്ടിന്റെ (പ്രോജക്ട് നം. എസ്.ഒ. 121/16-17) അനുബന്ധ രേഖകളിൽ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഉപകരണങ്ങൾ വാങ്ങി കൈമാറിയതിന്റെ ആധികാരികത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. . സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3- 4 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി

ക്ഷീരകർഷകർക്ക് പാൽ സബ്സിഡി എന്ന പദ്ധതി മൂന്ന് വിഭാഗങ്ങൾക്കായി (പൊതു വിഭാഗം - പ്രോജക്ട് നം. എസ്.ഒ.032/16-17) (വനിത- എസ്.ഒ.014/17 , വിധവ – എസ്.ഒ. 031/16-17 ) (66 , 37 , 812) രൂപ (ബിൽ നം. 1/2016-17 തീയതി 16.3.2017 തുക 4250000/- ബിൽ നം. 2/16-17 തീയതി 27.3.2017 – തുക 2052440/-) ബിൽ നം. 3/16-17, തീയതി 27.3.2017 – തുക 335372) ബ്ലോക്ക് പഞ്ചായത്ത് യഥാക്രമം ചെലവ് ചെയ്തിട്ടുണ്ട്. മൂന്നു പദ്ധതികളും നിർവഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറാണ് നിർവഹിച്ചിട്ടുള്ളത്. 12-ാം പദ്ധതി പുതുക്കിയ മാർഗ്ഗ രേഖ 3.2(8) പ്രകാരവും ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ. 11.1.2016 പ്രകാരവും പാൽ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണെന്നും, ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3/- രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം എന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ക്ഷീര കർഷകർ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവ് ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ ക്ഷീരകർഷകനും ഒരു വർഷത്തിൽ എത്ര ലിറ്റർ പാലാണ് സംഘത്തിൽ വിതരണം ചെയ്യുന്നതെന്നും അതിന് അനുപാതികമായിട്ടാണോ സബ്സിഡി നൽകിയിട്ടുള്ളതെന്നും ഉറപ്പാക്കുന്നതിലേയ്ക്ക് ക്ഷീര സംഘങ്ങളിൽ നിന്നുള്ള രേഖകളും ബാങ്ക് രേഖകളും ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പാലിന്റെ അളവ് കൃത്യമായി അറിയുവാനും കൈമാറിയ സബ്സിഡിയുടെ ആധികാരികമായ കണക്ക് തയ്യാറാക്കുവാനും കഴിയുകയുള്ളൂ.

## 3- 5 ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2016-17 സാമ്പത്തിക വർഷം "ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ" വിതരണം എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം. എസ്.ഒ.043/17) ജനറൽ വിഭാഗത്തിനായി 2650000/- രൂപ വികസന ഫണ്ട് അടങ്കൽ വകയിരുത്തുകയും സി.ഡി.പി.ഒ.(മെയിൻ) നിർവഹണ ഉദ്യോഗസ്ഥയായി അംഗീകാരം നേടുകയുണ്ടായി. എന്നാൽ ടി പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 26.8.2017ലെ ബ്ലോക്ക് പഞ്ചായത്ത് II (c)നമ്പർ തീരുമാനപ്രകാരം സ്പിൽ ഓവറായി 2017-18 സാമ്പത്തിക വർഷം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്ന പദ്ധതികൾ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതും അവ

നടപ്പാക്കേണ്ടതുമാണെന്നാണ് 12-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ 5.3(5) സി.(1)ഉം, ജി.ഒ.(എം.എസ്.)248/2012 ത.സ്വ.ഭ.വ. 29.9.2012 ഉം നിഷ്കർഷിക്കുന്നത്. വികലാംഗക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തേണ്ട ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയത് ബ്ലോക്ക് പഞ്ചായത്തിന്റെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾക്ക് പദ്ധതി നിർവഹണത്തിൽ ഉൾപ്പെടുത്തേണ്ടതും വിജയകരമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3- 6 വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച അപാകതകൾ

വാഹനങ്ങളുടെ ലോഗ് ബുക്ക്/ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കെ.എൽ.19 C-2226- Mahindra Scorpio വാഹനത്തിന്റെ - certificate of fuel consumption ലഭ്യമല്ല. (2013 ന് ശേഷം നടത്തിയിട്ടില്ല.)
2. കെ.എൽ.19 C-2226, കെ.എൽ.19 3831 എന്നീ വാഹനങ്ങളിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.
3. ഇന്ധനം നിറയ്ക്കുന്ന സമയത്തെ റീഡിംഗ് രേഖപ്പെടുത്തുന്നില്ല.
4. ഇന്ധനം ഉപഭോഗത്തിൽ (മൈലേജിൽ) വ്യത്യാസം കാണുന്നു.
5. റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ - എന്നിവ പരിപാലിക്കുന്നില്ല.
6. മാസാവസാന ക്ലോസിംഗ് പരിശോധിച്ച് ഒപ്പു വച്ചിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി 1 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. മറുപടി ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3- 7 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. വെള്ളറട) നിർവഹണം - നടത്തിയ പദ്ധതികളിലെ അപാകതകൾ

I *മരുന്ന് ലഭ്യമായിട്ടില്ല.*

പ്രോജക്ട് നം. 102/16-17 സി.എച്ച്.സി. വെള്ളറടയിൽ മരുന്ന് വാങ്ങൽ അധിക ധനസഹായം ബിൽ നം. 4/16-17 തീയതി 24.3.2017 – 15,00,000/- രൂപ

സി.എച്ച്.സി. വെള്ളറടയിൽ മരുന്ന് ലഭ്യമാക്കുന്നതിലേയ്ക്കായി മേൽ ബിൽ പ്രകാരം (ചെക്ക് നം. 016576 തീയതി 29.3.2017 പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായതുമായി ബന്ധപ്പെട്ട ബില്ലും രേഖകളും ഹാജരാക്കിയില്ല. മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയ ശേഷം രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

II കൈപ്പറ്റ് രസീത് ഹാജരാക്കണം

പ്രോജക്ട് നം36/16-17 വെള്ളറട സി.എച്ച്.സി.യിൽ ലാപ്പ് ടോപ്പ് വാങ്ങൽ

ചെക്ക് നം. 2511103/തീയതി 20.3.2017 – 61900/- രൂപ

അടങ്കൽ തുക 75000/- രൂപ (തനത് ഫണ്ട്) ചെലവ് തുക 61900/- രൂപ .

മേൽ പദ്ധതി പ്രകാരം DWEL exclusive store TC 46/2294 കരമന, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ് ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

III <u>വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴ/സർചാർജ്ജ് ഒടുക്കുന്നു.</u>

പ്രോജക്ട് നം. 34/16-17 , വെള്ളറട സി.എച്ച്.സി. യിൽ ദൈനംദിന ചെലവുകൾ ബിൽ നം. 1/16-17 തീയതി 24.11.2016 – 141299/- രൂപ വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കാത്തതിനാൽ ചില മാസങ്ങളിൽ (4/16 മുതൽ 10/16 വരെ വിവിധ ബില്ലുകളിൽ കുടിശ്ശിക /സർചാർജ്ജ് അടച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് - നൽകിയ ഓഡിറ്റ് എൻക്വയറി നം.8 ന് മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3- 8 <u>മെഡിക്കൽ ഓഫീസർ (CHC പെരുങ്കടവിള) നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ - വൈദ്യുതി ചാർജ്ജ്/പിഴ-സർചാർജ്ജ് ഇനത്തിൽ അധിക തുക ഒടുക്കുന്നു.</u>

*<u>പ്രോജക്ട് നം. 37/16-17 , പെരുങ്കടവിള സി.എച്ച്.സി.യിൽ ദൈനംദിന ചെലവുകൾ ബിൽ നം. 1/16-17 തീയതി 26.10.2016 – തുക 97858/- രൂപ</u>*

മെഡിക്കൽ ഓഫീസർ, പെരുങ്കടവിള, സി.എച്ച്.സി. നിർവഹണം നടത്തിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പെരുങ്കടവിള സി.എച്ച്.സി.യുടെ വൈദ്യുതി ചാർജ്ജ് യഥാസമയം കെ.എസ്.ഇ.ബി.യിൽ അടയ്ക്കാതിരുന്നത് കാരണം വിവിധ ബില്ലുകളിൽ വൻ തുക വിവിധ കാലയളവുകളിൽ പിഴയായും/സർചാർജ്ജായും അടച്ചതായി കാണുന്നു. വൈദ്യുതി ചാർജ്ജ് ഡിമാന്റ് നോട്ടീസ് 9/2016- കൺസ്യൂമർ നമ്പർ 2184 പ്രകാരം ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ വരെയുള്ള വൈദ്യുതി ചാർജ്ജുകൾ ഒറ്റത്തവണയായി 56077/- രൂപ അടച്ചിട്ടുണ്ട്. യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ കെ.എസ്.ഇ.ബി. നോട്ടീസ് നൽകി ബിൽ നം. 5/16-17 തീയതി 10.1.2017 പ്രകാരം 31298/- രൂപ ബിൽ നം. 6/16-17 തീയതി 22.2.2017 പ്രകാരം 44166/- രൂപയും ഒടുക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ 9.2.2016ലെ കുടിശ്ശിക അടയ്ക്കുന്നതിനുള്ള നോട്ടീസ് പ്രകാരം 21680/- രൂപയും 16.3.2017 തീയതിയിലെ നോട്ടീസ് പ്രകാരം 25200/- രൂപയും അടയ്ക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നം. 11/16-17 (തീയതി 14.3.2017 പ്രകാരം) 45167/- രൂപയും വൈദ്യുതി ചാർജ്ജും കുടിശ്ശികയുമായി അടച്ചതായി കാണുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി .നം. 7 പ്രകാരം വിശദീകരണം മെഡിക്കൽ ഓഫീസറോട് തേടിയിരുന്നു. എന്നാൽ ഇതിന് മറുപടി തന്നിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ വിഷയത്തിൽ വ്യക്തമായ വിദശീകരണം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3- 9 <u>കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ</u>

2016-17 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I *<u>പ്രോജക്ട് നം. 10/16-17 ജൈവ പച്ചക്കറി കൃഷി (വനിത)</u>*

*<u>മൊത്തം അടങ്കൽ തുക 4458800 (3350000 ജനറൽ ഫണ്ട് 79380 ഗുണഭോക്തൃ വിഹിതം)</u>*

ബിൽ നം. 10/16-17 തീയതി 31.3.2017 – 18900/- രൂപ

ബിൽ നം. 7/16-17 തീയതി 31.3.2017 – 393960/- രൂപ

ബിൽ നം. 2/16-17 തീയതി 15.3.2017 – 112140/- രൂപ

ബിൽ നം. 5/16-17 തീയതി 28.3.2017 – 157500/- രൂപ

ബിൽ നം. 4/16-17 തീയതി 28.3.2017 – 168000/- രൂപ

ബിൽ നം. 12/16-17 തീയതി 31.3.2017 – 10080/- രൂപ

ചെലവ് തുക 860580/- രൂപ (ജനറൽ ഫണ്ട് ) 79380/- ഗുണഭോക്തൃ വിഹിതം ആകെ - 939960/- രൂപ

(എ) ഗ്രോബാഗ് വാങ്ങിയ ഇനത്തിൽ കാർഷിക കർമ്മ സേന, കൊല്ലയിൽ നൽകിയ മേൽ തുകകളുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ബി) ഈ പദ്ധതിയിൽ കുന്നത്തുകാൽ, പെരുങ്കടവിള, അമ്പൂരി, ഒറ്റശേഖരമംഗലം, കള്ളിക്കാട്, വെള്ളറട, കൊല്ലയിൽ എന്നീ ഗ്രാമപഞ്ചായത്തുകൾ വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റാണ് നൽകിയിട്ടുള്ളത്. ഗ്രൂപ്പുകൾ-സംഘങ്ങൾ- എന്നിവരുടെ ലിസ്റ്റാണ് നൽകേണ്ടിയിരുന്നത്. ഇത് ക്രമവിരുദ്ധമാണ്.

(സി) ഗ്രോബാഗ് 683 പേർക്ക് നൽകുന്നതിനു വേണ്ടിയാണ് വാങ്ങിയിട്ടുള്ളത്. ഗ്രോബാഗ് നൽകിയവരുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള എണ്ണവും ലിസ്റ്റും തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രോബാഗ് കൈപ്പറ്റിയവരുടെ ലിസ്റ്റ് ഹാജരാക്കിയിരിക്കുന്നത് അപൂർണ്ണവും, അംഗീകരിക്കാവുന്നതുമല്ല. ഗ്രോബാഗുകൾ വിതരണം ചെയ്തതിൽ ഒപ്പിട്ടിരിക്കുന്നവരുടെ ഒപ്പുകൾ തമ്മിൽ പൊരുത്തക്കേടുണ്ട്.

(ഡി) പദ്ധതിയുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

(ഇ) ഗുണഭോക്തൃ വിഹിതം അടച്ചത് 286860/- രൂപയാണ്. എന്നാൽ സാംഖ്യ പ്രകാരമുള്ള Implementing officerമാരുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഇതിന് പകരം 79380/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 7 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച വിശദീകരണവും ആവശ്യമായ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II *പ്രോജക്റ്റ് നം. 116/16-17 പുരുഷ സ്വയംസഹായ സംഘങ്ങൾക്ക് കാർഷിക സബ്സിഡി*

*അടങ്കൽ തുക 700000/- (ജനറൽ ഫണ്ട്) - ചെലവ് തുക : 200000/- രൂപ*

ബിൽ നം. 11/16-17 തീയതി 31.3.2017 – 50000/- രൂപ

ബിൽ നം. 9/16-17 തീയതി 31.3.2017 – 150000/-

ഫണ്ട് പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. പാസ്സ് ബുക്കും അക്കൗണ്ട് രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഫണ്ട് പൂർണ്ണമായി പുരുഷ സ്വയംസഹായ സംഘങ്ങൾക്ക് കൊടുക്കുകയും - പാസ്സ് ബുക്കും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

III ഉൽപ്പാദന മേഖലയിൽ വിവിധ പദ്ധതികളിൽ വകയിരുത്തിയ തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണ് ചെലവഴിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 3-10 പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.

*പ്രോജക്റ്റ് നം. 03/16-17 പദ്ധതി മോണിറ്ററിംഗ് 2016-17 അടങ്കൽ തുക 100000/- രൂപ (ജനറൽ ഫണ്ട്) - ചെലവ് 92948/- രൂപ ബിൽ നം. 23/16-17 – തീയതി 31.3.2017 തുക 92948/- രൂപ*

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി മോണിറ്ററിംഗ് 2016-17 എന്ന പദ്ധതി പ്രകാരം 92948/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷണ ചെലവിനും വണ്ടിവാടക ഇനത്തിലുമാണ് പ്രസ്തുത തുകകൾ മുഴുവൻ ചെലവഴിച്ചിരിക്കുന്നത്. താഴെപറയും പ്രകാരം ഈ പദ്ധതിയിലേയ്ക്ക് ബ്ലോക്ക് ഭരണ സമിതി അംഗങ്ങൾ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബ്ലോക്ക് അംഗത്തിന്റെ പേര് | തുക |
|---|---|---|
| 1 | ശ്രീമതി സുജാതകുമാരി | 11436/- |
| 2 | ശ്രീ ജോയിസ് | 5760/- |
| 3 | ശ്രീമതി എൻ.കെ. കുമാരി | 6336/- |
| 4 | ശ്രീ. സി. ബേബി | 10992/- |
| 5 | ശ്രീ. അരുൺ സി.പി. | 7008/- |
| 6 | ശ്രീമതി ഷീബാറാണി | 9392/- |
| 7 | ശ്രീമതി സുധ. എസ്.പി. | 5280/- |
| 8 | ശ്രീമതി സുരജാദേവി | 13942/- |
| 9 | ശ്രീ. ഷാജഹാൻ | 7656/- |
| 10 | ശ്രീകണ്ഠൻനായർ | 6810/- |
| 11 | ശ്രീ. ഷിജു. എസ്. | 8336/- |
| | ആകെ | 92948/- |

എന്നാൽ ഏതൊക്കെ പദ്ധതികളിലാണ് മോണിറ്ററിംഗ് നടത്തിയതെന്നും അതിന്റെ വിവരങ്ങളോ/മോണിറ്ററിംഗ് റിപ്പോർട്ടുകളോ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഫലപ്രദമായി മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിന് ഉപോൽബലകമായ രേഖകളും/റിപ്പോർട്ടുകളും ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകുന്ന മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതു സംബന്ധിച്ച് വിവരങ്ങളും/ റിപ്പോർട്ടും ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത

തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 നം മറുപടി നൽകിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 4980500 | IAY Additinal Assitance | 4980500 | -- |
| ഗ്രാമപഞ്ചായത്ത് | 2016-17 | 8918500 | IAY Additional Assistance | 8918500 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെൽട്രോൺ | സോളാർ പ്ലാൻറ് | online | 1820000 | 1820000 | ഇല്ല |
| 2 | കെൽട്രോൺ | സോളാർ പ്ലാൻറ് | online | 899904 | 899904 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| യ്പയുടെ പേര്/ | ഉത്തരവ് നം./ | വായ്പ തുക | വർഷാരംഭത്തിൽ | തൻ വർഷം | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | GO(p)429/10/ LSGD | 27791575 | 10974238 | 2743560 | | 8230678 |
| ഐ.എ.വൈ.ഭവന പദ്ധതി. | -ലഭ്യമല്ല. | 8000000 | 7200000 | 3700000 | 1471456 | 3500000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 206285778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 127146802/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 391741/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായതുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-1 | 7500/- | ശ്രീ. ഉണ്ണി. കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-2 | 298800/- | ശ്രീമതി ജയകുമാരി<br>എസ്.സി.ഡി.ഒ. |
| 2 | 3-10 | 92948/- | ശ്രീ. എസ്.എൽ. പത്മകുമാർ.<br>സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ഉണ്ണി. കെ.,<br>അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽഎഫ്.റ്റിഡി. ബി&ഡി 460/09 തീയതി. 26.11.2012 | 10 | |
| 2000-01 | എൽഎഫ്.റ്റിഡി. ബി&ഡി 407/11തീയതി 17.11.2012 | 12 | |
| 2001-02 | എൽഎഫ്.റ്റിഡി. ബി&ഡി 107/08 തീയതി 26.11.2012 | 22 | |

| | | | |
|---|---|---|---|
| 2002-03 | എൽഎഫ്.റ്റിഡി. ബി&ഡി 1248/10 തീയതി 26.11.2012 | 4 | |
| 2003-04 | എൽഎഫ്.റ്റിഡി. ബി&ഡി 1247/10 തീയതി 26.11.2012 | 5 | |
| 2004-05 | എൽഎഫ്.റ്റിഡി. ബി&ഡി 1249/10 തീയതി 21.03.2015 | 4 | |
| 2005-06 | എൽഎഫ്.റ്റിഡി. ബി&ഡി 1246/10 തീയതി 22.08.2011 | 8 | |
| 2006-07 | എൽഎഫ്.റ്റിഡി. ബി&ഡി 1860/12 തീയതി 24.08.2012 | 4 | |
| 2007-08 | എൽഎഫ്.റ്റിഡി. ബി&ഡി 1861/12 തീയതി 25.10.2012 | 5 | |
| 2008-09 | എൽഎഫ്.റ്റിഡി. ബി&ഡി 1862/12 തീയതി 11.08.2014 | 5 | |
| 2009-10 | എൽഎഫ്.റ്റിഡി. ബി&ഡി 646/13 തീയതി 15.10.2014 | 2 | |
| 2010-11 | എൽഎഫ്.റ്റിഡി. ബി&ഡി 1209/15തീയതി 26.10.2015 | 8 | |
| 2011-12 | എൽഎഫ്.റ്റിഡി. ബി&ഡി 2250/14തീയതി 20.11.2014 | 5 | |
| 2012-13 | എൽഎഫ്.റ്റിഡി. ബി&ഡി 632/15 തീയതി 03.05.2015 | 11 | |
| 2013-14 | എൽഎഫ്.റ്റിഡി. ബി&ഡി 684/15 തീയതി 07.07.2015 | 5 | |
| 2014-15 | എൽഎഫ്.റ്റിഡി. ബി&ഡി 70/16തീയതി 23.01.2016 | 8 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./181/2017 തിയതി 3.2.2017 | 13 | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*ബിഎൽ. 15.11.2017*

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ബി3 ഷെഡ്യൂളിലെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ലോൺ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ബി5 ലെ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ.